**മൊഡ്യൂൾ 2**

## മലയാള ചെറുകഥ

കഥ കേൾക്കാനുള്ള താൽപ്പര്യം എല്ലാ മനുഷ്യർക്കുമുണ്ട്. അതിനുകാരണം തന്റെ ചുറ്റും എന്തു സംഭവിക്കുന്നു എന്നറിയാനുള്ള ആഗ്രഹം തന്നെയാണ്. ലോകത്ത് ആദ്യം രൂപംകൊണ്ട സാഹിത്യരൂപം കവിതയാണ്. നൂറ്റാണ്ടുകൾക്കുശേഷമാണ് കഥ രൂപം പ്രാപിക്കുന്നത്. ബൈബിൾകഥകളും യക്ഷിക്കഥകളും മതകഥകളും പുരാണകഥകളുമാണ് ആദ്യത്തെ കഥാരൂപങ്ങൾ. ബാഹ്യമോ ആന്തരമോ ആയ ഒരൊറ്റ സംഭവത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ഭാവനാസൃഷ്ടിയാണ് ചെറുകഥയെന്ന് സോമർസെറ്റ്മോം അഭിപ്രായപ്പെടുന്നുണ്ട്. വായനക്കാരന്റെ മനസ്സിൽ ശക്തമായ ഒരനുഭൂതിയോ ചലനമോ ഉണ്ടാക്കാൻ കഴിയുന്നതായിരിക്കണം ചെറുകഥ. വികാരോത്തേജനമാണ് ചെറുകഥയുടെ ആദ്യധർമ്മം. ബുദ്ധിപരമായ വ്യാപാരത്തിന് അതിൽ രണ്ടാംസ്ഥാനം മാത്രമേയുള്ളൂ. അധികം വർണ്ണനകളോ കൂടുതൽ കഥാപാത്രങ്ങളോ അനേകം രംഗങ്ങളോ ചെറുകഥയിൽ ആവശ്യമില്ല. ഇന്ന് ഈ ധാരണകൾക്ക് വലിയ മാറ്റം സംഭവിച്ചു കഴിഞ്ഞു. ആധുനിക ചെറുകഥ ജേണലിസവുമായി അടുത്തുനിൽക്കുന്നു. രൂപപരമായ ഹ്രസ്വതയും ശില്പദാർഢ്യവും സ്ഥൂലത പുറംതള്ളി സൂക്ഷ്മതയിലേക്കുള്ള അതിന്റെ നീക്കവും ശ്രദ്ധിച്ചുനോക്കിയാൽ നമുക്കത് വ്യക്തമാകും.

### ചെറുകഥയുടെ വികാസചരിത്രം

അതിപ്രാചീന കാലത്തുതന്നെ ലോകത്ത് കഥകൾ പ്രചരിച്ചിരുന്നു. എന്നാൽ പത്തൊൻപതാം ശതകത്തിലാണ് ചെറുകഥ ഒരു സാഹിത്യരൂപമായി അരങ്ങേറിയത്. എലിസബത്ത് ബോവന്റെ അഭിപ്രായത്തിൽ പത്തൊൻപതാം ശതകത്തിന്റെ പുത്രിയത്രേ ചെറുകഥ. റഷ്യൻ സാഹിത്യകാരൻ നിക്കൊളായ് ഗോഗോൾ, അമേരിക്കൻ സാഹിത്യകാരൻ എഡ്ഗാർ അല്ലൻപോ (1809-1849) എന്നിവരാണ് വിശ്വസാഹിത്യത്തിൽ ചെറുകഥാ പ്രസ്ഥാനത്തിന് വിത്തുപാകിയത്. ഇവരോടൊപ്പം സ്മരിക്കേണ്ടവരാണ് അമേരിക്കൻ സാഹിത്യകാരന്മാരായ വാഷിങ്ടൺ ഇർവിംങ് (1783-1859) നഥാനിയൽ ഹാത്തോൺ (1804-1864) എന്നിവർ. കാല്പനിക പ്രവണതകളിൽ മുങ്ങിക്കുളിച്ചുനിന്ന് ചെറുകഥയെ റിയലിസത്തിന്റെ പാതയിലേക്ക് നയിച്ചത് ഗോഗോളാണ്.

1885-ൽ ബ്രാണ്ടർ മാത്യുസ് 'ചെറുകഥയുടെ ദർശനം' എന്ന പ്രമാണലേഖനം പ്രസിദ്ധീകരിച്ചതോടെ ഒരു പ്രത്യേക സാഹിത്യപ്രസ്ഥാനമായി ചെറുകഥ അംഗീകരിക്കപ്പെട്ടു. ആന്റൺ ചെഖോവും ഗീഥെ മോപ്പസാങ്ങും ചെറുകഥയെ അത്യാകർഷകമായ സാഹിത്യശാഖയാക്കി വളർത്തിയെടുക്കാൻ നേതൃത്വം നൽകി. ഗോർക്കി, ടർജനീവ്, കിപ്ലിംഗ്, ഒ.ഹെൻട്രി, സി.എച്ച്.ലോറൻസ്, ജെയിംസ് ജോയ്സ്, ഫ്ളാഹർട്ടി, ടോൾസ്റ്റോയി തുടങ്ങിയവർ വിശ്വകഥാസാഹിത്യത്തിലെ മുമ്പന്മാരാണ് (മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ - എരുമേലി).

ഇംഗ്ലീഷ് സാഹിത്യസമ്പർക്കമാണ് മലയാള ചെറുകഥയുടെ ആവിർഭാവത്തിന് വഴിയൊരുക്കിയത്. വേങ്ങയിൽ കുഞ്ഞിരാമൻനായനാരെയാണ് മലയാളത്തിലെ ആദ്യത്തെ കഥാകാരനായി പരിഗണിച്ചുപോരുന്നത്. വിദ്യാവിനോദിനി മാസികയിൽ പ്രസിദ്ധീകരിച്ച 'വാസനാവികൃതി'യെന്ന നായനാരുടെ കഥയാണ് മലയാളത്തിലെ ആദ്യത്തെ കഥ. വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ (1860-1914) മൂർക്കോത്തു കുമാരൻ (1874-1941) സി.എസ്. ഗോപാലപ്പണിക്കർ (1872-1930) അമ്പാടി നാരായണപ്പൊതുവാൾ (1871-1936). എം.ആർ.കെ.സി (1881-1939) ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ (1869-1916), കെ.സുകുമാരൻ (1876-1956), കുറ്റിപ്പുറത്തു കിട്ടുണ്ണിനായർ (1882-1956), അപ്പൻ തമ്പുരാൻ എന്നിവരാണ് മലയാളത്തിലെ ആദ്യകാലകഥാകാരന്മാർ. ഇവരുടെ കഥകൾ 'പറഞ്ഞാൽ നുണ എഴുതിയാൽ കഥ' എന്ന നിലപാടിലുള്ളതായിരുന്നു. ഫലിതം, അമളി, വർണ്ണന, അത്ഭുതം തുടങ്ങിയ ചേരുവകളായിരുന്നു ആ കഥകളിൽ നിറഞ്ഞുനിൽക്കുന്നത്.

ഈ കഥകൾക്കുശേഷം മലയാള കഥാലോകം നവോത്ഥാനഘട്ടത്തിലുടെയും ആധുനിക ഘട്ടത്തിലൂടെയും കടന്നുപോയി. 1930-ൽ മലയാള ചെറുകഥയുടെ നവോത്ഥാനഘട്ടം ആരംഭിച്ചതായി നിരൂപകൻ കണക്കാക്കുന്നു. ദേശീയപ്രസ്ഥാനത്തിന്റെയും നവോത്ഥാനപ്രസ്ഥാനങ്ങളുടെയും സ്വാധീനം ഇക്കാലത്തെ കഥകളിൽ കാണാൻ സാധിക്കുന്നു.

നവോത്ഥാന കഥാകൃത്തുക്കൾ സൃഷ്ടിച്ച സാമൂഹിക-രാഷ്ട്രീയ കഥാപ്രപഞ്ചത്തിനുപകരം ആത്മനിഷ്ഠവും സൂക്ഷ്മവുമായ ആവിഷ്ക്കാരങ്ങളിലൂടെ കഥയെ ധ്വന്യാത്മകമാക്കാനാണ് ആധുനികതയുടെ വക്താക്കളായ കഥാകാരന്മാർ ശ്രമിച്ചത്.

## പൂവമ്പഴം

### കാരൂർ നീലകണ്ഠപ്പിള്ള

1898 ൽ കോട്ടയത്തിനടുത്ത ഏറ്റുമാനൂരാണ് നീലകണ്ഠപിള്ള ജനിച്ചത്. ഔദ്യോഗികജീവിതം ആരംഭിച്ചത് അധ്യാപകനായിട്ടായിരുന്നു. അധ്യാപക ലോകത്തിന്റെ ആത്മസംഘർഷങ്ങൾ കാരൂർ സാഹിത്യത്തിൽ നിറഞ്ഞുനിന്നു. 1932 ൽ എഴുതിയ 'ഭൃത്യവാത്സല്യം'ആണ് അദ്ദേഹത്തിന്റെ ആദ്യകഥ. ചെറുകഥകൾ കൂടാതെ നോവലുകളും ബാലസാഹിതകൃതികളും അദ്ദേഹം രചിച്ചു. മരപ്പാവകൾ, പത്തുകഥകൾ, രഹസ്യം, പിശാചിന്റെ കുപ്പായം, കാരൂർ കഥകൾ, അമ്പലപ്പറമ്പിൽ, ഒരു പിടി മണ്ണ്, മീൻകാരി, സ്മാരകം, തൂപ്പുകാരൻ, കൊച്ചനുജത്തി, അസ്ട്രോളജർ, ഗൃഹനായിക, മേൽവിലാസം തുടങ്ങിയവയാണ് കഥാസമാഹാരങ്ങൾ, ഹരി, ഗൗരി, പണിയും തുണിയും എന്നിവ നോവലുകളാണ്. "അപ്പൂപ്പൻ' എന്ന നാടകവും കാരൂർ രചിച്ചു. രാജകുമാരിയും ഭൂതവും, ഓലയും നാരായവും, ഭൃത്യൻ, മണ്ടയിൽ, സമ്മാനം, ബാലചന്ദ്രൻ തുടങ്ങിയ ബാലസാഹിത്യ കൃതികളും അദ്ദേഹം രചിച്ചു.

ജാതിവ്യവസ്ഥിതിയിലധിഷ്ഠിതമായ കേരള സമൂഹത്തിലെ ജന്മി-കുടിയാൻ ബന്ധത്തെ പുതിയ തലമുറയുടെ കണ്ണിലൂടെ നോക്കി കാണാനാണ് പൂവമ്പഴം എന്ന കഥയിൽ കാരൂർ ശ്രമിക്കുന്നത്. ഫ്യൂഡലിസം നൂറ്റാണ്ടുകൾ കൊണ്ട് നിർമ്മിച്ച നിയന്ത്രണങ്ങളിൽ നിന്ന് കുതറിച്ചാടാൻ ശ്രമിക്കുന്നവരാണ് പൂവമ്പഴത്തിലെ കഥാപാത്രങ്ങൾ. വ്യവസ്ഥിതി തകർന്നു തുടങ്ങുന്നതിന്റെ ശുഭസൂചനകൾ ഈ കഥയിൽ കാണാം. ജന്മിത്വം സമൂഹത്തിനുണ്ടാക്കിയ ആഘാതങ്ങളെ ചിത്രീകരിക്കാനും അതിലെ മനുഷ്യത്വ വിരുദ്ധത തുറന്നുകാട്ടാനും കഥാകാരൻ ശ്രമിക്കുന്നുണ്ട്.

അപ്പുവിന്റെ വീടിന്റെ കിഴക്കേ അതിരിൽ ഒരു വലിയ ജന്മിയുടെ മനയാണ്. ഭൃത്യരായ അപ്പുവിന്റെ വീട്ടുകാരാണ് അവിടുത്തെ പണിക്കാർ. അവിടെ എന്ത് ആഘോഷമുണ്ടായാലും അപ്പുവിനും വീട്ടുകാർക്കും അവിടെ നിന്ന് ഭക്ഷണം കിട്ടും. ആ കുടുംബത്തിൽ അപ്പുവിന്റെ പ്രായത്തിലുള്ള ഒരു കുട്ടിയുണ്ടായിരുന്നു. മൂന്നു വർഷം മുൻപ് അവൻ മരിച്ചു. അതിനാൽ അവന്റെ അമ്മ തനിച്ചാവുന്നു. അവരുടെ ഭർത്താവ് പത്തുവർഷം മുൻപ് മരിച്ചുപോയതിനാൽ അവരുടെ പ്രതീക്ഷയായിരുന്നു വാസുക്കുട്ടൻ എന്നു പേരുള്ള ആ മകൻ. ഉണ്ണിമാ എന്നുപേരുള്ള ആ സ്ത്രീയെ

നാട്ടുകാർ പൂവമ്പഴം എന്നാണ് വിളിച്ചത്. പൂവമ്പുഴ എന്ന ദേശത്തായിരുന്നു അവരുടെ വീട് എന്നതായിരുന്നു ഈ വിളിക്ക് കാരണം. ഭർത്താവും മകനും നഷ്ടപ്പെട്ട ഒരു സ്ത്രീ എന്ന നിലയ്ക്ക് അപ്പുവിന് അവരോട് സഹതാപവും കാരുണ്യവുമുണ്ട്. മറ്റുവഴികളുണ്ടായിട്ടും ആത്തേരമ്മ എന്ന് അപ്പു വിളിക്കുന്ന ആ സ്ത്രീ ചെറിയ ജോലികൾക്കും സഹായങ്ങൾക്കും തന്നെ വിളിക്കുന്നത് അപ്പുവിന് അലോസരമുണ്ടാക്കുന്നു. തങ്ങൾ ഒരു ഭൃത്യകുടുംബമാണ് എന്നത് വലിയ അഭിമാനപ്രശ്നമായാണ് അപ്പു കാണുന്നത്. ഈ ഭൃത്യവേലയിൽ നിന്ന് രക്ഷപ്പെടാൻ പഠിച്ച് ഒരു ജോലി വാങ്ങണമെന്നാണ് അവന്റെ ആഗ്രഹം. ആത്തേരമ്മ നിരന്തരം ഓരോ കാര്യം പറഞ്ഞ് തന്നെ വിളിക്കുന്നത് തന്റെ പഠനം മുടക്കി മറ്റുള്ളവരെപ്പോലെ തന്നെയും മനയ്ക്കലെ ഭൃത്യനാക്കാനാണെന്ന് അപ്പുവിന് തോന്നുന്നു. ജന്മിത്തം ആരും സ്വതന്ത്രരായി ജീവിക്കുന്നത് കാണാൻ ഇഷ്ടപ്പെടുന്നില്ലെന്ന് അപ്പു ചിന്തിക്കുന്നു.

ഒരിക്കൽ വെറ്റില പറിക്കാനായി ആത്തേരമ്മ അപ്പുവിനെ വിളിച്ചുവരുത്തി ഒരുപാട് ചോദ്യങ്ങൾ ചോദിച്ച് അവർ അപ്പുവിനോട് സംസാരിച്ചു നിന്നു. അപ്പു പങ്കെടുത്ത ഒരു വിവാഹത്തിന്റെ വിശേഷങ്ങൾ തിരക്കി. വധുവിനെക്കുറിച്ച് നിരവധി ചോദ്യങ്ങൾ ചോദിച്ചു. മനയ്ക്കൽ നിന്നു പോകാൻ സമ്മതിക്കാത്തതിൽ അപ്പുവിന് ദേഷ്യം വന്നു. അവർ ചോദിക്കുന്നതിനെല്ലാം ഉം എന്ന് മാത്രം മൂളി. പല ചോദ്യങ്ങൾക്കും ഉത്തരം തെറ്റിയപ്പോൾ അവർ ആർത്തുചിരിച്ചു. ഇനി മനയ്ക്കൽ ഓരാഘോഷമുണ്ടെങ്കിൽ അത് തന്റെ മരണാനന്തരക്രിയകളായിരിക്കും എന്ന് അവർ ആലോചനയോടെ പറഞ്ഞു. രാത്രിയിൽ തന്റെ അരികുപറ്റി കിടക്കാനെത്തുന്ന പൂച്ചയെക്കുറിച്ച് പറയുന്ന സന്ദർഭത്തിൽ ഏതോക്കെയോ സംഘർഷങ്ങൾ അവർക്കുണ്ടെന്ന് അപ്പുവിന് തോന്നുന്നു. എന്നാൽ ആത്തേരമ്മയുടെ ഇംഗിതം മനസ്സിലാക്കാൻ ആ കൗമാരക്കാരന് കഴിയുന്നില്ല. ആ സ്ത്രീയുടെ അത്യന്തം ധ്വന്യാത്മകമായ സംഭാഷണശകലങ്ങളും അപ്പുവിന്റെ നിഷ്ക്കളങ്കമായ മറുപടികളും വിരുദ്ധമായ രണ്ട് പക്ഷങ്ങളെയാണ് ആവിഷ്ക്കരിക്കുന്നത്. ഈ രണ്ട് പക്ഷത്തോടും വായനക്കാരന് ഇഷ്ടക്കുറവ് തോന്നാത്തവിധം ഒതുക്കം നിറഞ്ഞ ഗംഭീരഭാഷയാണ് കഥാകൃത്ത് ആഖ്യാനത്തിന് ഉപയോഗിക്കുന്നത്.

ഇടയ്ക്ക് അപ്പു അവർ വിളിക്കുമ്പോൾ അവരിൽനിന്ന് ഒഴിഞ്ഞുമാറി. കുറേനാൾ കഴിഞ്ഞപ്പോൾ 'പൂവമ്പഴ'ത്തിനെന്തോ സുഖക്കേടാണെന്ന് വീട്ടിലാരോ പറയു

ന്നതുകേട്ടു. ആയിടെ ആ മനയ്ക്കലെ നമ്പൂതിരി മൂന്നാമതൊരന്തർജ്ജനത്തേക്കൂടി വേളി കഴിച്ചു. 'കുടിവയ്പ്' അത്രകേമമായിരുന്നില്ലെങ്കിലും ഞങ്ങൾക്കു സദ്യയുണ്ടായിരുന്നു. ഊണു കഴിച്ചു കഴിഞ്ഞ സമയം ആത്തേരമ്മ അപ്പുവിനെ വിളിപ്പിച്ചു. സുഖമില്ലാതിരിക്കുന്നതുകൊണ്ട് വല്ല മരുന്നും വാങ്ങിക്കാനാവും എന്നാണ് കരുതിയത്. അപ്പു മുറ്റത്തുനിന്നു അവർ മുറിക്കകത്തു വാതിക്കൽ ഇരുന്നു. അവരുടെ നീണ്ട മുടി മുറിച്ചുകളഞ്ഞിരിക്കുന്നു. കവിളെല്ലുകൾ തള്ളി നിൽക്കുന്നു. കണ്ണിലെ പ്രകാശം നഷ്ടപ്പെട്ട് നിരാശ നിഴലിക്കുന്നത് കാണാം. ക്ഷീണിച്ച സ്വരത്തിൽ അവർ സദ്യയെക്കുറിച്ചു ചോദിച്ചു.

"ഇനി ഇവിടെ ആദ്യമുണ്ടാകുന്ന സദ്യ ഒരു പിണ്ഡമായിരിക്കും" എന്നുപറഞ്ഞു. "എന്താ അങ്ങനെ പറയുന്നത് കുഞ്ഞാത്തേരമ്മേ?" എന്ന് അപ്പു ചോദിച്ചപ്പോൾ അവരൊന്നു ചിരിക്കാൻ പ്രയാസപ്പെട്ടു. അപ്പു മരവിച്ചുനിന്നുപോയി. എന്റെ വീതത്തിനു ഞാനും അവരെ വേദനിപ്പിച്ചു കാണുമോ? എന്ന് ചിന്തിച്ചു നിൽക്കേ 'അപ്പു പൊയ്ക്കൊള്ളു' എന്നു പറഞ്ഞ് അവർ കതകടച്ചുകളഞ്ഞു.

ധ്വനിസാന്ദ്രമായ ഈ കഥയിൽ യുവതിയായ ഒരു വിധവയ്ക്ക് കൗമാരക്കാരനായ ഒരാൺക്കുട്ടിയോട് തോന്നുന്ന ലൈംഗിക താല്പര്യമാണ് പ്രമേയം. ആത്തേരമ്മയോടുള്ള അപ്പുവിന്റെ ഇടപെടലുകളിലെല്ലാം മകൻ നഷ്ടമായ ഒരമ്മയോടുള്ള സഹതാപമാണുള്ളത്. എന്നാൽ ആത്തേരമ്മയുടെ സംഭാഷണങ്ങളിലെല്ലാം ലൈംഗികാഭിലാഷങ്ങളുടെ നിറവ് കാണാൻ കഴിയും. ഏറ്റവും ധ്വാന്യാത്മകമായി കയ്യടക്കത്തോടെയാണ് ഈ സംഭാഷണങ്ങൾ കാരൂർ കഥയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഒരു സ്ത്രീയുടെ ദുരന്തം അവതരിപ്പിക്കുമ്പോഴും വായനക്കാരന്റെ ചിന്തകളെയും വികാരങ്ങളെയും കഥാകൃത്ത് കാണുകയും അയാളുടെ രസച്ചരട് മുറിയാതെ സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്.

**ലഘു ചോദ്യങ്ങൾ**

1. പൂവമ്പഴം എന്ന പേര് ആത്തേരമ്മയ്ക്ക് വന്നതെങ്ങനെ?

2. ആത്തേരമ്മയുടെ മകന്റെ പേരെന്തായിരുന്നു?

**ഖണ്ഡികാചോദ്യങ്ങൾ**

3. ഞാൻ മരവിച്ചുനിന്നുപോയി, എന്റെ വീതത്തിന് ഞാനും അവരെ വേദനിപ്പിച്ചു കാണുമോ? സന്ദർഭം വിവരിക്കുക.

4. ഞങ്ങളുടെ വീട്ടിലെ ചക്കിപ്പൂച്ചയും ഞങ്ങളോടുകൂടി പടിയിൽ എനിക്കഭിമുഖമായിട്ട് ആ സുന്ദരിപ്പൂച്ച വന്നിരിപ്പു പിടിച്ചു. ഞങ്ങളുടെ വർത്തമാനം അതിനു രസിച്ചെന്നു തോന്നുന്നു. ആരുടെ? സന്ദർഭമെന്ത്?

**ഉപന്യാസ ചോദ്യം**

5. ഉണ്ണിമാ അഥവാ ആത്തേരമ്മയുടെ ആത്മസംഘർഷങ്ങളാണ് 'പൂവമ്പഴം' എന്ന കഥയിലെ പ്രതിപാദ്യം? വിവരിക്കുക.

**ഉത്തര സൂചിക**

1. അവരുടെ ദേശം പൂവമ്പുഴ ആയതുകൊണ്ടാണ് ആത്തേരമ്മയ്ക്ക് ആ പേരുവരാൻ കാരണം.

2. വാസുക്കുട്ടൻ

3. ആത്തേരമ്മ അസുഖബാധിതയായി മുടിമുറിച്ചു കളഞ്ഞ് കവിളൊട്ടി വല്ലാത്ത അവസ്ഥയിൽ കാണുമ്പോൾ അപ്പുവിന് തോന്നുന്നത് - വികസിപ്പിച്ച് എഴുതണം.

4. ആത്തേരമ്മ വെറ്റില പറിച്ചുതരാൻ അപ്പുവിനെ വിളിക്കുന്നു - അവർ ലൈംഗിക താല്പര്യത്തോടെ സംസാരിക്കുന്നു - അപ്പു ഒഴിഞ്ഞുമാറാൻ ശ്രമിക്കുന്നു - വർത്തമാനം നീണ്ടുപോകുന്നു - അത് ശ്രദ്ധിച്ചിരിക്കുന്ന ചക്കിപ്പൂച്ച - വികസിപ്പിച്ച് എഴുതണം.

5. മൂന്നു പുറത്തിൽ ഉത്തരമെഴുതേണ്ട ഈ ചോദ്യത്തിന് കാരൂരിന്റെ ഒരു ലഘു ജീവചരിത്രം എഴുതിതുടങ്ങാം. തുടർന്ന് പൂവമ്പഴം കഥയെക്കുറിച്ച് ഒരു ചെറിയ കുറിപ്പെഴുതി ആത്തേരമ്മയിലേക്ക് വരാം - പതിമൂന്നാം വയസ്സിൽ വിവാഹം - ഭർത്താവിന്റെ മരണം - മകൻ വാസുക്കുട്ടന്റെ മൂന്ന് വർഷം മുൻപത്തെ മരണം - അവരുടെ ഏകാന്തത - രോഗം - മരണം കാത്തിരി

ക്കുന്ന നിസ്സഹായാവസ്ഥ - അപ്പുവിനോടുള്ള താല്പര്യം - ഒറ്റപ്പെടലിൽ നിന്നുണ്ടാകുന്ന സംഭാഷണ താല്പര്യം ഇതെല്ലാം വികസിപ്പിച്ചെഴുതി ഉപന്യാസം തയ്യാറാക്കണം.

# വില്ലുവണ്ടി

**കെ. രേഖ**

മലയാള കഥാസാഹിത്യത്തിലെ സമകാല എഴുത്തുകാരിൽ ശ്രദ്ധേയയാണ് കെ. രേഖ. അങ്കമാലിമാങ്ങാക്കറിയും വില്ലുവണ്ടിയും മറ്റുകഥകളും, കന്യകയും പുല്ലിംഗവും, നിന്നിൽ ചായുന്ന നേരത്ത്, മാനാഞ്ചിറ, മാലിനി തിയേറ്റേഴ്സ് എന്നിവ യാണ് പ്രധാന കൃതികൾ. സാഹിത്യത്തിനുള്ള പി. പത്മരാജൻ പുരസ്ക്കാരം, രാജ ലക്ഷ്മി അവാർഡ്, അങ്കണം അവാർഡ്, പി.കുഞ്ഞിരാമൻ നായർ ട്രസ്റ്റ് കളിയച്ഛൻ പുരസ്ക്കാരം, കേരള സാഹിത്യ അക്കാദമിയുടെ ഗീതാഹിരണ്യൻ എൻഡോവ്മെന്റ് അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ് എന്നിങ്ങനെ നിരവധി പുരസ്ക്കാ രങ്ങൾക്ക് അർഹയായിട്ടുണ്ട്. വിവിധ കലാലയങ്ങളിൽ അധ്യാപികയായി സേവനമ നുഷ്ഠിച്ചിട്ടുണ്ട്.

നവോത്ഥാന നായകനായ അയ്യൻകാളിയുടെ പ്രത്യക്ഷസമര പരിപാടികളിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു വില്ലുവണ്ടിയാത്ര. നിഷേധിച്ച വഴികളിലൂടെ മനുഷ്യാവ കാശങ്ങൾക്ക് വേണ്ടിയുള്ള പടയോട്ടമായിരുന്നു ആ യാത്ര. പുതിയ കാലം ഒരു നവോത്ഥാനം അത്യാവശ്യമാണെന്ന് ഓരോ മനുഷ്യനോടും വിളിച്ചുപറയുന്നുണ്ട്. പ്രത്യേകിച്ച് സ്ഥാപനവത്ക്കരിക്കപ്പെട്ട ഇടങ്ങളിലെ അവഹേളനങ്ങളും ജാതി അധി ക്ഷേപങ്ങളും ചൂഷണങ്ങളും ഇക്കാലത്തും ഒരു ദയയുമില്ലാതെ തുടരുന്നത് നമ്മുടെ സമൂഹത്തിൽ കാണാം. അത്തരമൊരു സന്ദർഭത്തെയാണ് വില്ലുവണ്ടി എന്ന കഥ അവതരിപ്പിക്കുന്നത്.

ഉമാബാലൻ എന്ന ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ആണ് ഈ കഥയിലെ കേന്ദ്ര കഥാപാത്രം. ഇരുപത് വർഷങ്ങൾക്കുശേഷം താനടക്കം ഇരുപത് പേർ മാനേജ്മെന്റ് കോഴ്സ് പഠിച്ചിറങ്ങിയ യൂണിവേഴ്സിറ്റിയിലേക്ക് ഉമ തിരിച്ചുവരുന്നിടത്താണ് കഥ ആരംഭിക്കുന്നത്. അവരുടെ അധ്യാപകനായ ഡോ. വെങ്കിടേശ്വരൻ സുബ്രഹ്മണി അയ്യർ അധ്യാപകജീവിതത്തിൽ നിന്നു വിരമിക്കുന്നതിന്റെ ഭാഗമായാണ് ഉമയുടെ ബാച്ച് അവിടെ ഒത്തുകൂടുന്നത്. ഉമ ട്രെയിനിറങ്ങി യൂണിവേഴ്സിറ്റിയിലെത്തി ഹാളു കളും മുറികളും തുറന്നിരുന്നെങ്കിലും അവിടെ ആരും ഉണ്ടായിരുന്നില്ല. ഉമയുടെ

ഓർമ്മകളിലൂടെ അവരുടെ പഠനകാലം കഥയിൽ തെളിഞ്ഞുവരുന്നു. ഒത്തുകൂടലിന്റെ ക്ഷണപത്രം കിട്ടിയപ്പോൾ ഉമാബാലൻ അമ്പരന്നു പോയി. കാരണം അവളും ഇല്യാസ് എന്ന സഹപാഠിയും മാനേജ്മെന്റ് കോഴ്സ് പഠിച്ചെങ്കിലും അതുമായി ബന്ധപ്പെട്ട ബിസിനസ്സ് സാമ്രാജ്യം കീഴടക്കാൻ അവർക്ക് കഴിഞ്ഞില്ല. ഉമ ഇപ്പോൾ വിളക്കുമാടം ബ്ലോക്ക് പഞ്ചായത്ത് മെമ്പറാണ്. ഇല്യാസാണെങ്കിൽ അധ്യാപകരോട് നിരന്തരം യാഥാർത്ഥ്യത്തിലൂന്നിയ ചോദ്യങ്ങൾ ചോദിച്ച് അവർക്ക് അനഭിമതനായി മാറി. എലീന മാഡത്തോട് അപമര്യാദയായി പെരുമാറി എന്ന കുറ്റത്തിന് കോഴ്സ് പൂർത്തിയാക്കാൻ നാലഞ്ചുമാസമുള്ളപ്പോൾ അന്വേഷണക്കമ്മിഷനു മുൻപിൽ ഹാജരാകാൻ കൂട്ടാക്കാതെ തന്റെ സർട്ടിഫിക്കറ്റുകളും പുസ്തകങ്ങളുമുപേക്ഷിച്ച് അയാൾ ഒറ്റപോക്കു പോയതാണ്.

ഏതോ മലമുകളിലായിരുന്നു ഇല്യാസിന്റെ വീട്. അക്കാലത്ത് ജനകീയാസൂത്രണ പദ്ധതിപ്രകാരം കുടുംബത്തിനു കിട്ടിയ നാലാടുകളെ വിറ്റുകിട്ടിയ പണം കൊണ്ടായിരുന്നു അവൻ പഠിക്കാൻ വന്നത്. ഇക്കാര്യം സ്വയം പരിചയപ്പെടുത്തുന്ന സമയത്ത് ഇല്യാസ് തന്നെ പറഞ്ഞതാണ്. അതുകൊണ്ട് സഹപാഠികൾ അവനെ ആടാസ് എന്നും ഷെപ്പേർഡ് എന്നും വിളിച്ചു.

അമലു, മഞ്ജുഷ എന്നിങ്ങനെ രണ്ടു പെൺകുട്ടികൾ കൂടി ക്ലാസ്സിൽ ഉണ്ടായിരുന്നെങ്കിലും ഉമയും ഇല്യാസിനെപ്പോലെ താമസസ്ഥലത്തും ക്ലാസ്സിലും ഒറ്റയ്ക്കായിരുന്നു. അമലുവും മഞ്ജുഷയും ഒരിക്കലും മലയാളം സംസാരിച്ചു കണ്ടില്ല. ഉമയോട് എന്തെങ്കിലും പറയാനുണ്ടെന്ന് അവർക്കും തോന്നിയില്ല. ഇതെല്ലാം ഓർത്തപ്പോൾ പ്രോഗ്രാമിന് പോകാൻ ഉമയ്ക്ക് താല്പര്യം തോന്നിയില്ല. ഭർത്താവ് അരവിന്ദന്റെ നിർബന്ധപ്രകാരമാണ് അവൾ പോയത്. അവളുടെ സഹപാഠികൾ വലിയ ബിസിനസ്സുകാരായിരുന്നു. വലിയ കാറുകളെക്കുറിച്ചും ജീവിതത്തിന്റെ ആഡംബരങ്ങളെക്കുറിച്ചുമായിരുന്നു അവരുടെ സംസാരം. ബുദ്ധിയും പണവും പെരുകി വാഹനങ്ങളുടെ ഉള്ളിലേക്ക് ചുരുങ്ങിപ്പോയ ആ മനുഷ്യരോട് ഉമയ്ക്ക് സഹതാപമാണ് തോന്നിയത്. ശിഷ്യരെല്ലാ ചേർന്ന് വെങ്കിടിസാറിന് 'സെഡാൻ' കാറ് സമ്മാനമായി കൊടുത്തത് വെങ്കിടി സാറിന്റെ മറുപടി പ്രസംഗത്തിലാണ് ഉമയ്ക്ക് മനസ്സിലായത്. 'ഉമാബാലൻ മുതൽ അമേരിക്കയിലെ ഏറ്റവും ശക്തനായ ഇന്ത്യാക്കാരൻ മാത്യു കോശി വരെ ഇവിടെ എത്തിയിരിക്കുന്നു. 'ഉമ മുതൽ' എന്ന വെങ്കിടി സാറിന്റെ

പ്രയോഗത്തിൽ അവളൊന്ന് പിടഞ്ഞു. സംവരണത്തിലൂടെ ക്ലാസിലെത്തിയ ഉമയോടുള്ള മനോഭാവം ആ താരതമ്യത്തിൽ പ്രകടമായിരുന്നു. എന്നാൽ ഇത്തരം വെറുപ്പും വിദ്വേഷവും ഒരിക്കലും പ്രകടിപ്പിക്കാതിരിക്കാനുള്ള ബുദ്ധി വെങ്കിടി സാറിന് ഉണ്ടായിരുന്നു.

വെങ്കിടി സാറിനെക്കുറിച്ച് സഹപാഠികൾ സംസാരിച്ചുകൊണ്ടിരിക്കേ അജിത്ത് രക്തം ഛർദ്ദിച്ചു വീഴുന്നു. പഴയ കൂട്ടുകാർ എല്ലാം ഒന്ന് എത്തിനോക്കുക മാത്രം ചെയ്തു. അയാളുടെ പഴയകാല കാമിനിയും ഭാര്യയുമായിരുന്ന അമലു അയാളെ ശ്രദ്ധിക്കാതെ മൊബൈലിലെ മെസേജുകൾ പരതുകയായിരുന്നു. എല്ലാ അടുത്തകൂട്ടുകാരും അജിത്തിനെ ഒരു ശല്യമായി കരുതി ഒഴിവാക്കാൻ ശ്രമിച്ചപ്പോൾ ഉമ അയാളെ താങ്ങിയെടുത്ത് കൃഷ്ണഗോപാലിനെ നിർബന്ധിച്ച് അയാളുടെ കാറിൽ ആശുപത്രിയിലെത്തിക്കുന്നു. തന്റെ ലക്ഷ്വറി കാറിൽ രക്തവും മറ്റും വീണ് ഫ്രഷ്നെസ്സ് പോകുന്നതിൽ അയാൾ അസ്വസ്ഥനായി. മാത്രമല്ല ലക്ഷങ്ങൾ ചെലവഴിച്ച് ഹോട്ടലിൽ അറേഞ്ചു ചെയ്ത പാർട്ടി നഷ്ടപ്പെടുമല്ലോ എന്ന സംഘർഷവും അയാളെ കോപാകുലനാക്കി. വേണ്ടത്ര പണം ഉമയെ ഏൽപ്പിച്ച് ആശുപത്രിയിലെ എല്ലാ ഉത്തരവാദിത്വങ്ങളും ചുമലിൽ വെച്ചുകൊടുത്തിട്ട് കൃഷ്ണഗോപാൽ അവിടെ നിന്നും പോകുന്നതോടെ കഥയവസാനിക്കുന്നു.

ചെറുത്തുനിൽക്കുന്ന ശക്തയായ സ്ത്രീകഥാപാത്രമായിട്ടാണ് ഉമാബാലൻ ഈ കഥയിൽ പ്രത്യക്ഷപ്പെടുന്നത്. സഹപാഠികൾ വെങ്കിടി സാറിന് ആശംസ പറയാൻ വന്നത് പഴയ ക്ലാസിലെ ക്രമത്തിലായിരുന്നു. തന്റെ ഊഴം അവസാനമാണെന്നും അത് കേൾക്കാൻ എല്ലാവരും ഇവിടെ ഉണ്ടാവണമെന്നും വെങ്കിടി സാറിൽ നിന്ന് ഉമ ഉറപ്പുവാങ്ങുന്നുണ്ട്. ചവിട്ടിമെതിക്കപ്പെട്ട, ഭയപ്പെടുത്തിയ പഴയകാലത്തെ ഉപേക്ഷിച്ച് സ്വന്തം പ്രസക്തി നേടിയെടുക്കുന്ന കഥാപാത്രമാണ് ഇവിടെ ഉമ. അജിത്തിനെ രക്ഷിക്കാൻവേണ്ടി ആശുപത്രിയിൽ നിൽക്കേണ്ടിവന്നപ്പോൾ തന്റെ പ്രസംഗം കൃഷ്ണഗോപാലിനെ കൊണ്ട് റെക്കോഡ് ചെയ്യിച്ച് സദസ്സിനെ കേൾപ്പിക്കുന്നുണ്ട് ഉമ. അതിങ്ങനെയായിരുന്നു "നിങ്ങളൊക്കെ എന്തൊരു മനുഷ്യരാണെടോ! വെങ്കിടി സാർ ഉൾപ്പെടെ.....നിങ്ങളൊക്കെ എന്നേ മരിച്ചുകഴിഞ്ഞിരിക്കുന്നു. സ്നേഹവും സന്തോഷവും സന്മനസുമാണ് ജീവിതത്തിന്റെ മാനദണ്ഡമെങ്കിൽ....നിങ്ങളൊക്കെ എത്ര ഭീകരമായ പരാജയമാണ് ! അജിത്തും വളരെ പണ്ടേ മരിച്ചതാണ്. ഇന്ന് ആ

ജഡത്തിൽനിന്ന് ചോര ചിതറി എന്നുമാത്രം. വെങ്കിടി സാറു പറഞ്ഞല്ലോ, എനിക്ക് ഒരു മാറ്റവുമില്ലെന്നും പഴയ ഉറക്കം തൂങ്ങി തന്നെയാണെന്നും അതെ സാർ നത്തിങ്ങ് ഹാസ് ചേഞ്ച്ഡ്.... ഇല്യാസ് എന്നൊരാളെ ഓർക്കുന്നുണ്ടോ? ഒന്നരവർഷം നിങ്ങൾക്കിടയിൽ മണ്ടനെപ്പോലെ ജീവിച്ച ആ അതിബുദ്ധിമാനെ....ഒരടിപോലും മുന്നോട്ടുവെക്കാനാവാത്ത വിധം ജീവിതം മടുക്കുമ്പോൾ നിങ്ങളെല്ലാം അയാളെ അന്വേഷിച്ചു കണ്ടെത്തണം. ഒരു വലിയ ഉത്തരം കിട്ടും നിങ്ങൾക്കപ്പോൾ." എന്നു പറഞ്ഞ് തന്റെ ആശംസ പ്രസംഗം നിർത്തുമ്പോൾ ഉമയിലെ ശക്തമായ വ്യക്തിത്വം പുറത്തുവരുന്നുണ്ട്. പുതിയ കാലത്ത് മാനേജ്മെന്റ് കോഴ്സുകളും എഞ്ചിനീയ റിങ്ങും പുതിയ തലത്തിൽ പഠിപ്പിക്കപ്പെടുമ്പോഴും സാമൂഹ്യമായ തരംതിരിവും മതവും ജാതിയുമെല്ലാം എപ്രകാരം ഈ ഇടങ്ങളിൽ പ്രവർത്തിക്കുന്നത് എന്ന് ഈ കഥ ഉറക്കെ വിളിച്ചുപറയുന്നുണ്ട്. നവോത്ഥാനമൊന്നും ഏൽക്കാത്ത ഒരു തലമുറ ഇപ്പോഴും പഴയ സവർണ്ണമൂല്യങ്ങളെ എങ്ങനെ താലോലിച്ച് നിലനിർത്തുന്ന ബുദ്ധി എങ്ങനെ പ്രവർത്തിക്കുന്നു എന്നത് വെങ്കിടി സാറിന്റെ കഥാപാത്രം കാണിച്ചുത രുന്നു. വിവേചനത്തിലൂന്നിയ തന്ത്രങ്ങൾ ആർക്കും പിടിച്ചെടുക്കാനാവാത്ത വിധം ബുദ്ധിപരമായി സമൂഹശരീരത്തിൽ പ്രയോഗിക്കപ്പെടുന്നു എന്നതിന് ഉദാഹരണ മാണ് ഈ കഥാപാത്രം. ഇങ്ങനെ പുതിയ കാലം നവോത്ഥാനത്തിനുവേണ്ടി കാത്തി രിക്കുന്ന ദുരവസ്ഥ ഈ കഥയിൽ വായനക്കാരന് കാണാനാവും.

**ലഘുചോദ്യങ്ങൾ**

1. കെ.രേഖയുടെ രണ്ട് കഥാസമാഹാരങ്ങളുടെ പേരെഴുതുക?

**ഖണ്ഡികാചോദ്യങ്ങൾ**

2. ''നോബിളേ ഞങ്ങടെ ജാതിക്കാരിപ്പം അടിമപ്പണി മാത്രമല്ല ചെയ്യുന്നത്''! സന്ദർഭവും ആശയവും വ്യക്തമാക്കുക.

3. എന്തുകൊണ്ടാണ് യൂണിവേഴ്സിറ്റിയിലെ പ്രോഗ്രാമിന് പോകേണ്ടെന്ന് ഉമാ ബാലൻ തീരുമാനിച്ചത്.

**ഉപന്യാസ ചോദ്യങ്ങൾ**

4. വില്ലുവണ്ടി എന്ന കഥയിൽ പുതിയ കാലത്തും അസമത്വത്തിന്റെയും അനീതി

യുടെയും സ്ഥാപനവത്കൃതമായ യുക്തി പ്രവർത്തിക്കുന്നുണ്ട് എന്ന് തെളിയുന്നുണ്ട്. വിശദീകരിക്കുക.

5. ഉമാബാലൻ ജാതിയിലധിഷ്ഠിതമായ സമൂഹജീവിതത്തിനെതിരേ നിലകൊള്ളുന്ന ശക്തയായ സ്ത്രീകഥാപാത്രമാണോ? ഉദാഹരണ സഹിതം വ്യക്തമാക്കുക.

**ഉത്തര സൂചിക**

1. കന്യകയും പുല്ലിംഗവും, മാനാഞ്ചിറ

2. വെങ്കിടി സാർ വിമരമിക്കുന്നതിന്റെ ഭാഗമായി നടക്കുന്ന പ്രോഗ്രാമിൽ പങ്കെടുക്കാൻ വന്നതാണ് ഉമാബാലനും സഹപാഠി നോബിളും - ഉമാബാലൻ താഴ്ന്ന ജാതിക്കാരിയും മെമ്പറുമായതിനാൽ അവരുടെ പരിചയത്തിൽപ്പെട്ട ആളുകളെ തന്റെ അപ്പനെ ശുശ്രൂഷിക്കുന്ന ജോലിക്ക് വളരെ വേഗം കിട്ടും എന്ന ചിന്തയിലാണ് നോബിൾ അങ്ങനെ പറയുന്നത് - ഉമാബാലന്റെ ജാതി അറിയാവുന്നതുകൊണ്ടാണ് നോബിൾ അങ്ങനെ ആവശ്യപ്പെടുന്നത് - കൂട്ടത്തിന് ഒരാളെ കണ്ടെത്തി കൊടുക്കാൻ അയാൾ ആവശ്യപ്പെടുന്നു - നോബിളേ ഞങ്ങടെ ജാതിക്കാരിപ്പം അടിമപ്പണി മാത്രമല്ല ചെയ്യുന്നത്....പ്രൊഫസർമാരും ഡോക്ടർമാരും എഞ്ചിനീയർമാരുമൊക്കെയുണ്ട്. അവരങ്ങനെ ആയതുകൊണ്ട് വലിയവരായി എന്നർത്ഥത്തിലല്ല ഞാൻ പറഞ്ഞത് നിന്റെ അറിവിലേക്കായി പറഞ്ഞെന്നുമാത്രം എന്ന് ഉമാബാലൻ പറയുന്നു.

3. പഠിക്കുന്ന കാലത്തെ അവഗണന - മറ്റുള്ളവരുമായി നല്ല സൗഹൃദം അസാധ്യമായത് - ഇല്യാസിന് ഉണ്ടായ ദുരനുഭവങ്ങളുടെ ഓർമ്മ - നാട്ടുകാർക്ക് എന്തെങ്കിലും നല്ല കാര്യം ചെയ്യാമെന്ന ചിന്ത.

4. ഈ ചോദ്യത്തിന് ഉത്തരമെഴുതുമ്പോൾ കെ.രേഖയുടെ കഥകളെക്കുറിച്ചും വ്യക്തിത്വത്തെക്കുറിച്ചും ഒരു പാരഗ്രാഫ് എഴുതാം. കഥയിലേക്ക് കടക്കാം. യൂണിവേഴ്സിറ്റികൾ പൊതുവെ ജനാധിപത്യത്തിന്റേയും സ്വാതന്ത്ര്യത്തിന്റേയും ഇടങ്ങളാണെന്ന് പൊതുവേ തോന്നും. എന്നാൽ അത്തരം സ്ഥാപനങ്ങളിൽ ജാതിമത വർഗ്ഗവർണ്ണ വ്യത്യാസങ്ങൾ ഇപ്പോഴും തഴച്ചുവളരുന്നു

എന്ന് കഥയിലെ ഉമാബാലന്റെ അനുഭവങ്ങളെ മുൻനിർത്തി വിവരിച്ച് മൂന്ന് പുറത്തിൽ കവിയാതെ എഴുതിയാൽ ഉത്തരമായി.

5. കഥാകാരിയെക്കുറിച്ച് ഒരു പാരാഗ്രാഫ് എഴുതുക. മലയാള ചെറുകഥയെക്കുറിച്ച് ഒന്നുരണ്ട് വാക്യങ്ങൾ എഴുതണം - ഉമാബാലന്റെ വ്യക്തിത്വം - പഠനം - രാഷ്ട്രീയം - പൊതുജനസേവനം - ജാതിയമായ താഴ്ത്തിക്കെട്ടലുകൾ - സഹപാഠികളും അധ്യാപകരും എങ്ങനെ വിലക്കുറഞ്ഞ വസ്തുവായി കണ്ടു - അജിത്തിനെ ആശുപത്രിയിലാക്കുന്നതും അധ്യാപകരെയും സഹപാഠികളെയും വിമർശിച്ചുകൊണ്ട് ഓഡിയോ പ്രസംഗം പ്രോഗ്രാമിലേക്ക് അയക്കുന്നതും ശക്തയായ കഥാപാത്രമാണ് ഉമാബാലൻ എന്ന് തെളിയിക്കുന്നു. നവോത്ഥാനത്തിന് ശ്രമിക്കേണ്ട ഗുരുതരമായ അവസ്ഥയിലാണ് നമ്മുടെ സമൂഹം എന്ന കണ്ടെത്തലോടെ ഉപന്യാസം അവസാനിപ്പിക്കാം.

# ദൈവത്തിന്റെ കണ്ണ് (നോവൽ)

## എൻ.പി. മുഹമ്മദ്

സാഹിത്യത്തിന്റെ ആദ്യരൂപം കവിതയാണ്. ഇതിഹാസങ്ങളും ചികിത്സാഗ്രന്ഥങ്ങളും കാവ്യരൂപത്തിലാണ് രചിക്കപ്പെട്ടത്. ശുദ്ധമായ സാഹിത്യരൂപം എന്നാണ് കവിതയെ ആളുകൾ വിളിച്ചുപോന്നത്. ബൈബിൾ കഥകൾ, പുരാണകഥകൾ, യക്ഷികഥകൾ, പഞ്ചതന്ത്രം കഥകൾ എന്നിവയിൽ നിന്നാണ് ആദ്യകാല കഥകൾ വികസിച്ചുവന്നത്. ഇതിനെല്ലാം ശേഷമാണ് നോവൽ വികാസം പ്രാപിക്കുന്നത്. മലയാളത്തിലെ ആദ്യ നോവൽ അപ്പു നെടുങ്ങാടി രചിച്ച കുന്ദലതയാണ്. ഒ. ചന്തുമേനോൻ രചിച്ച ഇന്ദുലേഖയാണ് ലക്ഷണമൊത്ത ആദ്യ മലയാള നോവൽ. ഒട്ടേറെ ഘട്ടങ്ങളിലൂടെ സഞ്ചരിച്ച മലയാള നോവൽ സാഹിത്യത്തിലെ ശ്രദ്ധേയമായ രചനയാണ് എൻ.പി. മുഹമ്മദിന്റെ ദൈവത്തിന്റെ കണ്ണ്.

1929 ൽ കോഴിക്കോട് കുണ്ടുങ്ങലിൽ ജനിച്ച എൻ.പി. മുഹമ്മദ് നോവലും കഥയും സാഹിത്യ നിരൂപണകൃതികളും രചിച്ചു. കേരള സാഹിത്യ അക്കാദമി പ്രസിഡണ്ട്, കേന്ദ്ര സാഹിത്യ അക്കാദമി നിർവ്വാഹക സമിതി അംഗം, കേരള സംഗീത നാടക അക്കാദമി അംഗം, ഫിലിം സെൻസർ ബോർഡ് അംഗം എന്നിങ്ങനെ നിരവധി പദവികളിലിരുന്നു. പത്രപ്രവർത്തകനായും അദ്ദേഹം സേവനമനുഷ്ഠിച്ചു. എണ്ണപ്പാടം, പിന്നെയും എണ്ണപ്പാടം, ദൈവത്തിന്റെ കണ്ണ്, മരം, ഹിരണ്യകശിപു, മുഹമ്മദ് അബ്ദുറഹ്മാൻ ഒരു നോവൽ, ഗുഹ, തങ്കവാതിൽ, നാവ്, അറബിപ്പൊന്ന് എന്നിവയാണ് അദ്ദേഹത്തിന്റെ നോവലുകൾ. എന്റെ പ്രിയപ്പെട്ട കഥകൾ, ഡീകോളണൈസേഷൻ, എൻ.പി. മുഹമ്മദിന്റെ കഥകൾ, പ്രസിഡണ്ടിന്റെ ആദ്യത്തെ മരണം എന്നിവയാണ് കഥാസമാഹാരങ്ങൾ. തൊപ്പിയും തട്ടവും, പുകകുഴലും സരസ്വതിയും, മാനുഷ്യകം, മന്ദഹാസത്തിന്റെ മൗനരോദനം, വിരരസം സിവികൃതികളിൽ എന്നിവയാണ് നിരൂപണകൃതികൾ. അവർ നാലുപേർ, ഉപ്പും നെല്ലും, കളിക്കോപ്പുകൾ, കളിപ്പാനീസ് എന്നിവ ബാലസാഹിത്യ കൃതികളാണ്. ദൈവത്തിന്റെ കണ്ണിന് 1993 ലെ കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. കേരളസാഹിത്യ അക്കാദമി അവാർഡ്, ലളിതാംബിക അന്തർജ്ജനം അവാർഡ്, മദിരാശി ഗവൺമെന്റ് അവാർഡ്, പരിഷത്ത്

അവാർഡ്, സിവി പുരസ്ക്കാരം, മുട്ടത്തുവർക്കി പുരസ്ക്കാരം എന്നിവ ലഭിച്ചു. 2003 ജനുവരി 3 ന് അദ്ദേഹം അന്തരിച്ചു.

മുസ്ലിം സമുദായ ജീവിതത്തെ ആസ്പദമാക്കി എൻ.പി. എഴുതിയ കൃതികളാണ് ദൈവത്തിന്റെ കണ്ണും എണ്ണപ്പാടവും പിന്നെയും എണ്ണപ്പാടവും. മനുഷ്യമനസ്സു കൊണ്ട് തൊട്ടറിയാൻ കഴിയുന്ന രചനയാണ് ദൈവത്തിന്റെ കണ്ണ്. അന്ധവിശ്വാസവും അനാചാരങ്ങളും കൂടിക്കുഴയുന്ന ജീവിതത്തെ വിമർശനാത്മകമായി നോക്കി കാണുകയാണ് എൻ.പി.മുഹമ്മദ് ഈ നോവലിൽ. എഴുത്തുകാരന്റെ വിദ്യാഭ്യാസ കാലം ചെലവഴിച്ച പരപ്പനങ്ങാടി പ്രദേശത്തിന്റെ സ്മരണകളാണ് ദൈവത്തിന്റെ കണ്ണിൽ കാണാൻ കഴിയുന്നത്. മലയാള സാഹിത്യത്തിലെ ആദ്യത്തെ പാരിസ്ഥിതിക അവബോധമുള്ള നോവലായി ഈ കൃതിയെ പരിഗണിക്കുന്നു.

**നോവലിലെ കഥാപാത്രങ്ങൾ**

കോയമോൻ (അഹമ്മദ്) കേന്ദ്ര കഥാപാത്രം

ഉമ്മു - കോയമോന്റെ അമ്മായിയുടെ മകൾ

ആയിസേയി - കോയമോന്റെ സഹോദരി

ഉമ്മ - കോയമോന്റെ ഉമ്മ

മൊയ്മതാലി - കോയമോന്റെ പ്രിയപ്പെട്ട ബന്ധു. മാനസികാസ്വാസ്ഥ്യം മൂലം ചങ്ങലക്കിട്ടിരിക്കുന്നു.

അമ്മായി - കോയമോന്റെ സ്നേഹമയിയായ അമ്മായി, ഉമ്മുവിന്റെ ഉമ്മ

കോയസ്സൻ - കോയമോന്റെ മൂത്താപ്പ, ക്രൂരൻ, അന്ധവിശ്വാസി

നഫീസുത്താത്ത - പുരോഗമന കഥാപാത്രം, കുഞ്ഞഹമ്മദ് മാസ്റ്ററുമായി ബന്ധം

കുഞ്ഞയമ്മദ് മാസ്റ്റർ - പുരോഗമന ചിന്ത, വായനാശീലം ഇവയുള്ളതിനാൽ പാരമ്പര്യവാദികളായ നാട്ടുകാർ നായ്കുഞ്ഞയമ്മദ് എന്നാണ് ഇദ്ദേഹത്തെ വിളിക്കുന്നത്.

കുഞ്ഞാറുമുസ്ല്യാർ - സ്ഥലത്തെ പ്രധാന ദിവ്യൻ

താമി - അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും മറ്റൊരു പ്രധാന ദിവ്യൻ

തുപ്രൻ - ഒരു കീഴാള കഥാപാത്രം

ബാപ്പ (അബ്ദു) - കോയമോന്റെ ബാപ്പ

**കഥാപാത്ര വിശകലനം**

**കോയമോൻ** - ഈ നോവലിലെ കേന്ദ്രകഥാപാത്രമാണ് അഹമ്മദ് എന്ന് പേരുള്ള കോയമോൻ. അവന്റെ കാഴ്ചകളിലൂടെയും ഇടപെടലുകളിലൂടെയുമാണ് നോവൽ വികസിക്കുന്നത്. കോഴിക്കോട് കുണ്ടുങ്ങലിൽ ഉമ്മയോടും ബാപ്പയോടും സഹോദരിയോടും കൂടി ജീവിച്ചിരുന്ന കോയമോൻ പത്താമത്തെ വയസ്സിൽ ബാപ്പയുടെ പരപ്പനങ്ങാടിയിലുള്ള നാരകത്ത് തറവാട്ടിലെത്തുന്നു. സ്നേഹനിധിയായ ഉമ്മയുടെ ആ പുത്രൻ മനുഷ്യരെ കാരുണ്യത്തോടെ കണ്ടുപോന്നു. ഭ്രാന്തുള്ള മൊയ്മതാലികാക്കയെ താൻ വലുതാവുമ്പോൾ ദൂരെ കൊണ്ടുപോയി ചികിത്സിച്ച് അസുഖം മാറ്റുമെന്നും മൂത്താപ്പ തുപ്രനെ ആക്ഷേപിക്കുമ്പോൾ അയാളുടെ പേര് മാറ്റിയാൽ എല്ലാം ശരിയാവുമെന്നും ചിന്തിക്കുന്നതും അവന്റെ സ്നേഹമാണ്. ആധുനിക കാലത്ത് ഇതെല്ലാം സാധ്യമാണ് എന്ന അവന്റെ ചിന്തയാണ്. പ്രാകൃതമായ ലോകത്തുനിന്ന് വെളിച്ചത്തിലേക്ക് പ്രവേശിക്കാൻ ആഗ്രഹിക്കുന്ന ഒരു ഹൃദയം അവനിൽ തുടിക്കുന്നുണ്ട്, എന്നാൽ പരപ്പനങ്ങാടിയിൽ എത്തുമ്പോൾ തന്നെ ഒസ്സാൻ ഇബ്രായി തലമുണ്ഡനം ചെയ്ത് ആ ഇരുണ്ട ലോകത്തിലേക്ക് അവനെ കൊണ്ടുപോകുന്നുണ്ട്. അതിൽ നിന്ന് നൂതനലോകത്തേക്ക് കടക്കാൻ അവൻ ആഗ്രഹിക്കുന്നെങ്കിലും അറിയാതെ അതിൽ തന്നെ പെട്ടുപോവുകയും ചെയ്യുന്ന ഒരു കുട്ടിയുടെ കഥയായും ഈ നോവലിനെ വായനക്കാരന് കാണാം. അവസാനം പ്രാകൃതമായ വിശ്വാസജീവിതത്തിന്റെ ഇരയായി, മൊയ്മതാലികാക്കായുടെ പിൻതുടർച്ചക്കാരനായി അവിടെ തന്നെ ഒടുങ്ങുന്ന കഥാപാത്രമായി കോയമോൻ മാറുന്നു.

**ഉമ്മു** - നാരകത്ത് തറവാട്ടിലെ കാര്യങ്ങൾ അപ്രധാന സ്ഥാനത്തുനിന്ന് നിർവ്വഹിക്കുന്ന മറിയമ്മായിയുടെ മകളാണ് ഉമ്മു. പരപ്പനങ്ങാടിയിലെ പാരമ്പര്യവിശ്വാസങ്ങളിൽ ജനിച്ചുവളർന്ന ഉമ്മു കോയമോന് നല്ല കൂട്ടായിരുന്നു. നിധി കാക്കുന്ന പൂതങ്ങളുടെ കഥയും ഒട്ടേറെ രഹസ്യങ്ങളും കോയമോന് പറഞ്ഞുകൊടക്കുന്നത് ഉമ്മുവാണ്. ഉമ്മുവിൽ നിന്നാണ് താൻ ജീവിക്കുന്ന ഭൂമികയെ ആവാഹിക്കാൻ കോയമോന് സാധിച്ചത്. ചടുലമായ അവളുടെ വ്യക്തിത്വവും വാക്കുകളും കോയമോനെ രൂപപ്പെടുത്തുന്നതിൽ വലിയ പങ്കുവഹിച്ചു. കുഞ്ഞാറുമുസ്ല്യാരുടെ നിർദ്ദേശപ്രകാരം

പത്താമത്തെ വയസ്സിൽ തന്നെ അവളെ വിവാഹം കഴിച്ചയച്ചു. കുറച്ചുകാലം മാത്രമേ കോയമോനും ഉമ്മുവും ഒരുമിച്ചുണ്ടായിരുന്നുള്ളുവെങ്കിലും അവരുടെ സൗഹൃദം മികച്ചുനിന്നു. സമൂഹം വിധിക്കുന്ന നിയമങ്ങൾക്കും വിശ്വാസങ്ങൾക്കും ഇടയിൽ പെട്ട് സ്ത്രീ ജീവിതം യാതനാപൂർണ്ണമാവുന്നത് എൻ.പി.മുഹമ്മദ് കൃത്യമായി ഉമ്മു എന്ന കഥാപാത്രത്തിലൂടെ വരച്ചു കാട്ടുന്നുണ്ട്. ചെറുപ്രായത്തിൽ തന്നെ വലിയ ഉത്തരവാദിത്വങ്ങളിലേക്ക് തള്ളിവിട്ട് വ്യക്തിജീവിതം പ്രയാസമാക്കുന്ന ദിവ്യൻമാരെയും എൻ.പി.ഉമ്മു എന്ന കഥാപാത്രത്തിന്റെ പലതരം ജീവിതസാഹചര്യങ്ങളെ അവതരിപ്പിച്ചുകൊണ്ട് ചിത്രീകരിച്ചിരിക്കുന്നു.

**ആയിസേയി** - നോവൽ ആരംഭത്തിൽ ആയിസേയിയെ കാണാനില്ല. കാരണം അവൾ കോഴിക്കോടാണ്. സ്കൂൾ തുറക്കുമ്പോഴാണ് പരപ്പനങ്ങാടിയിലെത്തുന്നത്. അതുവരെ അവൾ അമ്മായിയുടെ വീട്ടിൽ വിരുന്നു പാർക്കുകയായിരുന്നു. സഹോദരിയുടെ സ്നേഹവും ചിലപ്പോഴൊക്കെ കുറുമ്പുകളും കോയമോനോട് കാണിക്കുന്ന കഥാപാത്രമാണ് അവൾ. ഉമ്മയുടെയും സഹോദരന്റെയും അടുത്തെത്തിയതതിൽ വലിയ സന്തോഷം അനുഭവിക്കുന്ന കഥാപാത്രമാണ് ആയിസേയി.

**ഉമ്മ** - സമൂഹം പലതരം വിലക്കുകൾ ഏർപ്പെടുത്തി നിശബ്ദയായിപ്പോയ കഥാപാത്രമാണ് കോയമോന്റെ ഉമ്മ. ആഴമുള്ള മനസ്സിനുടമയാണ് അവരെന്ന് പ്രത്യക്ഷത്തിൽ കാണാം. കോയമോന് വലിഞ്ഞുമുറുകുന്ന അന്തരീക്ഷത്തിൽ ആശ്വാസവും ആശ്രയവും ആകുന്നുണ്ട് സ്നേഹനിധിയായ ഈ ഉമ്മ. പരപ്പനങ്ങാടിയിലെ പാരമ്പര്യവാദികൾക്ക് മുൻപിൽ പ്രത്യേകിച്ച് മൂത്താപ്പയ്ക്ക് മുന്നിൽ നിസ്സഹായയായി നിൽക്കാൻ മാത്രമേ അവർക്ക് സാധിക്കുന്നുള്ളു. കോയമോന്റെ ബാലമനസ്സിലൂടെ പ്രത്യക്ഷത്തിൽ വികസിക്കുന്ന നോവലിന് സമാന്തരമായി നിശബ്ദമായ ആ അമ്മ മനസ്സിലൂടെയും നോവൽ വികസിക്കുന്നതായി വായനക്കാരന് അനുഭവപ്പെടുന്നുണ്ട്. എല്ലാത്തിനും സാക്ഷിയായി മൂകയായി നിന്ന അവർ താമിക്കു നേരെ പൊട്ടിത്തെറിക്കുന്നു. നിധി കണ്ടെത്താൻ കോയസ്സൻ തറവാട്ടിലേക്കു കൊണ്ടുവന്ന മന്ത്രവാദി താമി അവരെ മുതലെടുക്കുമ്പോൾ തറവാട്ടിൽ നിന്ന് അയാളെ വാളെടുത്ത് ഓടിക്കുന്നതിലൂടെ അന്ധവിശ്വാസത്തിൽ നിന്ന് വലിയരീതിയിൽ രക്ഷപ്പെടാൻ ശ്രമിക്കുന്ന പുരോഗമനക്കാരിയായി ആ നിശ്ശബ്ദ പോരാളി മാറുന്നുണ്ട്. അവരുടെ ക്ഷോഭം അണപൊട്ടിയൊഴുകുന്നതാണ് നോവലിന്റെ അവസാനം കാണാനാവുന്നത്.

**മൊയ്മതാലി** - കോയമോന് പ്രിയപ്പെട്ട ഒരാളാണ് മൊയ്മതാലി കാക്ക. തന്നെ തോളത്തിരുത്തി കൊണ്ടുനടന്നതിന്റെ ഓർമ്മകൾ കോയമോന് ഇപ്പോഴുമുണ്ട്. ചങ്ങലയിൽ ബന്ധിതനായ മൊയ്മതാലികാക്കയെ കാണുമ്പോൾ അവന് സങ്കടം വരും. ഉമ്മയും ബാപ്പയും മരിച്ചുപോയി. ആരും ചികിത്സിക്കാനോ വേണ്ടവിധത്തിൽ സംരക്ഷിക്കാനോ ഇല്ലാത്ത കഥാപാത്രമാണ് മൊയ്മതാലി. പൂതങ്ങൾ തലയിൽ കയറിയിട്ടാണ് മൊയ്മതാലികാക്കയ്ക്ക് ഭ്രാന്തിളകിയതെന്നാണ് ഉമ്മു കോയമോനോട് പറഞ്ഞത്. ഇതുതന്നെ വിശ്വസിച്ച് മൂത്താപ്പ പലപ്പോഴും അവനെ മർദ്ദിക്കുന്നുണ്ട്. കോയമോന് പൂതങ്ങളെ കാണാൻ കഴിയാത്തതുകൊണ്ട് അവനതു വിശ്വസിക്കാനായിട്ടില്ല. മറിയമ്മായി സ്നേഹത്തോടെയാണ് മൊയ്മതാലിയെ കാണുന്നത്. കോയമോന്റെ ഉമ്മയ്ക്ക് മൊയ്മതാലി അവനെ ഉപദ്രവിക്കുമോ എന്ന ഭയമുണ്ടായിരുന്നു. പൊതുവേ എല്ലാവരും ഭൂതങ്ങളാണ് മൊയ്മതാലിയുടെ രോഗത്തിന് കാരണമെന്ന് വിശ്വസിച്ചുവന്നു. അതുകൊണ്ടുതന്നെ അന്ധവിശ്വാസത്തിലധിഷ്ഠിതമായ ചില പ്രതിരോധങ്ങളാണ് അവർ സ്വീകരിച്ചത്. മൂത്താപ്പക്ക് തന്നെ തോൽപ്പിക്കാൻ വന്ന ശത്രുവാണ് മൊയ്മതാലി എന്ന ചിന്തയാണ് ഉണ്ടായിരുന്നത്. മൗലൂദിന്റെ അന്ന് ചങ്ങലയിൽ നിന്ന് മോചിതനായ മൊയ്മതാലി നേരെ വന്ന് പാചകം ചെയ്ത ഇറച്ചിക്കറി തട്ടിമറിക്കുന്നു. ഇതറിഞ്ഞ മൂത്താപ്പ കോപാകുലനാവുകയും ഒറ്റച്ചവിട്ടിന് മൊയ്മതാലിയെ കൊല്ലുകയും ചെയ്യുന്നു. അന്ധവിശ്വാസത്തിലും അനാചാരത്തിലും ജീവിക്കുന്ന ഒരു കുടുംബത്തിലായതുകൊണ്ട് രോഗത്താൽ കഷ്ടപ്പെട്ട് ചെറുപ്രായത്തിൽ തന്നെ മരണത്തിന് വിധേയനാകേണ്ടിവന്ന ദുരന്ത കഥാപാത്രമാണ് മൊയ്മദാലി.

**മറിയം അമ്മായി** - നോവലിന്റെ മധ്യഭാഗം കഴിയുന്നതുവരെ കോയസ്സൻ എന്ന കാരണവരുടെ അധികാരത്തിനുകീഴിൽ ഞെരിഞ്ഞമർന്നുജീവിക്കുന്ന കഥാപാത്രമാണ് മറിയം അമ്മായി. ആണധികാരവും ക്രൂരതയും കോയസ്സനിൽ വേണ്ടുവോളമുണ്ട്. രോഗിയായ മൊയ്മതാലിയെപ്പോലും കോയസ്സൻ നിരന്തരം ഉപദ്രവിക്കുന്നുണ്ട്. മൊയ്മതാലിയോട് മറിയം അമ്മായിക്ക് സ്നേഹവും സഹാനുഭൂതിയും ഉണ്ടെങ്കിലും കോയസ്സനെ ഭയന്ന് മൊയ്മതാലിയെ സംരക്ഷിക്കാൻ അമ്മായിക്ക് സാധിക്കുന്നില്ല. കോയമോനോട് സ്നേഹവും ആത്മാർത്ഥതയുമാണ് അമ്മായിക്കുള്ളത്. കോയസ്സന്റെ മൂത്ത സഹോദരിയായ അവർ ആ തറവാട്ടിലെ എല്ലാവർക്കും ഒരുപോലെ ഉപകാരിയാണ്. ഉമ്മുവിന്റെ പ്രസവുമായി ബന്ധപ്പെട്ട് തറവാട്ടിൽ നിന്ന്

അമ്മായി വിട്ടുനിന്നപ്പോൾ ആ തറവാട് ആകെ പ്രശ്നങ്ങളിൽ മുങ്ങി. കോയസ്സന്റെ മന്ത്രവാദവും നിധിയന്വേഷണവും കൂസലില്ലാത്ത പ്രകൃതവും ആ വീട് തകർക്കുമെന്ന് തിരിച്ചറിഞ്ഞതോടെ അവർ ശബ്ദമുയർത്തി തുടങ്ങുന്നുണ്ട്. പക്ഷേ അവരും അന്ധവിശ്വാസത്തിലും അനാചാരത്തിലും കുടുങ്ങികിടക്കുന്നതുകൊണ്ട് അവരും മനോധൈര്യം നഷ്ടപ്പെട്ട് ഉഴറുന്നുണ്ട്. താമിയുടെ പ്രവചനങ്ങൾക്ക് മുൻപിൽ അവർ പകച്ചുപോകുന്നു. വീടുപണി മുൻപോട്ട് പോകാത്തതിന് കാരണം ദാരിദ്ര്യമല്ല മറിച്ച് ഭൂതപ്രേത പിശാചുക്കളുടെ ഉപദ്രവമാണെന്നാണ് അമ്മായിയുടെയും വിശ്വാസം. ഇങ്ങനെ പരപ്പനങ്ങാടി എന്ന ഗ്രാമത്തിലെ ഒരു സാധാരണക്കാരിയായി അന്ധവിശ്വാസങ്ങൾക്കും മറ്റും അടിമപ്പെട്ടാണ് അവരുടെ ജീവിതം.

**കോയസ്സൻ** - കോയമോന്റെ മൂത്താപ്പയാണ് കോയസ്സൻ. തറവാട് ഭരിക്കുന്ന അയാൾ തികഞ്ഞ അന്ധവിശ്വാസിയാണ്. വിദ്യാഭ്യാസമോ ലോകബോധമോ ഇല്ലാത്തതിനാൽ അയാൾ തങ്ങളുടെ പുരയിടത്തിലെ നിധി അന്വേഷിച്ചു നടക്കുകയും പൂജകളും മറ്റ് ദുഷ്പ്രവൃത്തികളും ചെയ്ത് പണമുണ്ടാക്കാൻ ശ്രമിക്കുന്നു. വർഷങ്ങളോളം മന്ത്രവാദികളുടെ വാക്കുകേട്ട് പ്രവർത്തിച്ച് അയാൾ ദുരിതത്തിലാവുന്നു. അയാൾ വരുത്തി തീർക്കുന്ന സമ്മർദ്ദങ്ങളിൽപ്പെട്ട് അയാൾക്ക് പക്ഷാഘാതം പോലും പിടിപെടുന്നു. ഭൂതം, പ്രേതം, പിശാച് എന്നിങ്ങനെയുള്ള വിശ്വാസങ്ങളിൽ അയാൾ ഭയചകിതനായി പോകുന്നു. എന്നാൽ അയാളിലെ ക്രൂരൻ എല്ലാ അവസരങ്ങളും ഉണർന്നു പ്രവർത്തിക്കുന്നു. വീട്ടിലെ അംഗങ്ങളോടെല്ലാം അയാൾക്ക് സ്നേഹമോ ദയയോ ഇല്ല. രോഗികളോട് പോലും അയാൾ ക്രൂരത കാണിക്കുന്നു. ഭ്രാന്ത് ഒരു രോഗമായല്ല അയാൾ കാണുന്നത്. മറിച്ച് അയാൾക്ക് നേരെയുള്ള ഭൂതപ്രേതങ്ങളുടെ ആക്രമണമായിട്ടാണ്. ആ വിശ്വാസം ദൃഢമായതുകൊണ്ടാണ് മൊയ്മതാലിയെ അയാൾ ഒറ്റച്ചവിട്ടിന് കൊല്ലുന്നത്. തറവാട് പണിത് തീർക്കാൻ കഴിയാത്തതിനു കാരണം ഭൂതശല്യമാണെന്നാണ് അയാളുടെ പക്ഷം. ഇങ്ങനെ അടിമുടി അന്ധവിശ്വാസത്തിലും അനാചാരത്തിലും മുങ്ങിയ ഒരു കഥാപാത്രമാണ് കോയസ്സൻ. സാധാരണക്കാരായ ഒരു ജനതയുടെ വിശ്വാസങ്ങളും ജീവിതവും വരച്ചുകാട്ടാൻ എൻ.പി.മുഹമ്മദിന് ഈ കഥാപാത്രത്തിലൂടെ വളരെ വേഗത്തിൽ സാധിച്ചിരിക്കുന്നു എന്നു കാണാം. തുപ്രന്റെ പേരിൽ തന്നെ അധിക്ഷേപിച്ചതുമാത്രമായിരുന്നു കോയമോന്റെ പരാതിയെങ്കിൽ ക്രമേണ മൊയ്മതാലിക്കയോടുള്ള ക്രൂരമായ പെരുമാറ്റത്തിലൂടെ മൂത്താപ്പ തന്റെ അഹങ്കാരവും ക്രൂരതയും പുറത്തെടുക്കുന്നു.

**കുഞ്ഞയമ്മദ് മാസ്റ്റർ** - വായന, ചിന്ത, യുക്തി എന്നിവയെ കൂട്ടുപിടിച്ച് ജീവിക്കുന്ന കഥാപാത്രമാണ് ഇദ്ദേഹം. പാരമ്പര്യവിശ്വാസികൾ അദ്ദേഹത്തെ അവജ്ഞയോടെയും എതിർപ്പോടെയുമാണ് കാണുന്നത്. അത്യാവശ്യസമയത്ത് ഡോക്ടറെ കാണാനും മറ്റു ഓഫീസുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് മുന്നിൽ നിൽക്കാനും കമ്പിയടിക്കാനുമെല്ലാം നാട്ടുകാർക്ക് ആശ്രയമാണ് ഇദ്ദേഹം. മൃഗങ്ങളെ സ്നേഹിക്കുന്നതുകൊണ്ടും പുരോഗമന ആശയങ്ങളെ മുറുകേ പിടിക്കുന്നതുകൊണ്ടും നായ്കുഞ്ഞയമ്മദ് എന്നാണ് കുഞ്ഞയമ്മദ് മാസ്റ്ററെ നാട്ടുകാർ വിളിക്കുന്നത്. ഇങ്ങനെ പുരോഗമന ചിന്തപോലും അനുഭവിക്കാത്ത ഒരു സമൂഹത്തെ നോവലിസ്റ്റ് വരച്ചിടുന്നു. കോയമോന്റെ കാര്യത്തിൽ പരപ്പനങ്ങാടിയിൽ നിന്ന് കോഴിക്കോട്ടേക്ക് രക്ഷപ്പെടണമെന്ന അഭിപ്രായക്കാരനാണ് മാസ്റ്റർ. പുരോഗമനചിന്തയെ പിൻതാങ്ങുന്ന കോയമോന്റെ ബാപ്പയും ഉമ്മയും നഫീസുതാത്തയുമാണ് മാസ്റ്ററെ ബഹുമാനിക്കുന്നവർ.

**കുഞ്ഞാറുമുസ്ല്യാർ** - സാമാന്യ മനുഷ്യരെ പുരോഹിതവർഗ്ഗം എങ്ങനെയാണ് അന്ധവിശ്വാസങ്ങളിലേക്ക് നയിക്കുന്നതെന്ന് ചിത്രീകരിക്കാൻ വേണ്ടിയാണ് കുഞ്ഞാറുമുസ്ലിയാരെ കഥാപാത്രമാക്കിയിട്ടുള്ളത്. സ്ഥലത്തെ പ്രധാന ദിവ്യൻ എന്ന മട്ടിലാണ് ഇദ്ദേഹം വിശ്വാസികളുമായി ഇടപെടുന്നത്. ഉമ്മുവിന്റെ വിവാഹം പത്താംവയസ്സിൽ തന്നെ നടത്തണമെന്ന് വിധിക്കുന്നത് മുസ്ലിയാരാണ്. ഇത് പുരോഗമനത്തിലേക്ക് സഞ്ചരിക്കാൻ വിടാതെ സമൂഹത്തെ, സ്ത്രീകളെ പിന്നോട്ട് നയിക്കുന്ന പ്രവൃത്തികളാണ്. മാത്രമല്ല പ്രദേശവാസികൾ അപകടങ്ങളിൽ നിന്ന് തങ്ങളെ രക്ഷിക്കുന്നത് കുഞ്ഞാറുമുസ്ലിയാരുടെ ഉറുക്കും മൗലൂദുമാണ് എന്നാണ്. കോയമോന്റെ കയ്യിൽ കിത്താബല്ലാത്ത പുസ്തകം കണ്ടപ്പോൾ അവൻ നശിച്ചുപോയെന്ന് വിധിയെഴുതി പരിഭവിച്ച ആളാണ് അദ്ദേഹം. ഇങ്ങനെ സമൂഹജീവിതത്തിന്റെ എല്ലാ തുറകളിലും ഇടപെട്ട് വെളിച്ചം വരാൻ സമ്മതിക്കാത്ത പ്രകൃതമാണ് ഇദ്ദേഹത്തിന്റേത്.

**താമി** - അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും പ്രതിനിധീകരിക്കുന്ന മറ്റൊരു കഥാപാത്രമാണ് താമി. കോയസ്സന് നിധി കണ്ടെത്തിക്കൊടുക്കാം എന്ന് വാഗ്ദാനം കൊടുത്ത് നിരന്തരം ആഭിചാരക്രിയകൾ നടത്തുന്നത് ഇയാളാണ്. വീട്ടിലെ സമാധാനം തകർക്കുന്നത് ഇയാളാണെന്നറിയാമെങ്കിലും അവസാന ഘട്ടം വരെ ആർക്കും ഇയാളെ എതിർക്കാനാവുന്നില്ല. അവസാനമാണ് കോയമോന്റെ ഉമ്മ

അയാൾക്കെതിരെ പൊട്ടിത്തെറിക്കുന്നത്. മറിയമ്മായി ഒരിക്കൽ താമിക്കെതിരേ ശബ്ദമുയർത്തുന്നുണ്ടെങ്കിലും തറവാട്ടിലെ കുട്ടിയുടെ ജീവന്റെ അനിശ്ചിതത്വം പ്രഖ്യാപിച്ച് താമി അവരെ ഭയപ്പെടുത്തുന്നു.

**തുപ്രൻ -** കോഴിക്കോട് നഗരത്തിൽ ജീവിച്ച കോയമോന് മനുഷ്യർ തമ്മിലുള്ള വിവേചനം മനസ്സിലാക്കി കൊടുക്കുന്നത് മൂത്താപ്പ അവനെ തുപ്രൻ എന്ന് വിളിച്ച് ആക്ഷേപിക്കുമ്പോഴാണ്. തുപ്രന്റെ പേരാണ് പ്രശ്നമെന്നു കരുതിയ കോയമോൻ വലുതാവുമ്പോൾ അയാളുടെ പേരുമാറ്റി അയാളെ രക്ഷിച്ചെടുക്കാമെന്ന് ചിന്തിക്കുന്നുണ്ട്. സുബ്രഹ്മണ്യൻ എന്ന ദൈവത്തിന്റെ പേര് ജാതിയിൽ താഴ്ന്നവർക്ക് ഇടുമ്പോൾ അത് തുപ്രൻ എന്ന ഗ്രാമീണ പ്രയോഗത്തിലെത്തി നിൽക്കുന്നത് പലതരം ഉച്ചനീചത്വത്തിലൂടെ കടന്നുപോന്നിട്ടാണ്. സാമൂഹ്യമായ വിവേചനങ്ങളെ എടുത്തു കാണിക്കാൻ ഈ പേരുകൊണ്ടുതന്നെ നോവലിസ്റ്റിനു സാധിച്ചിരിക്കുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത.

**ബാപ്പ -** അബ്ദു എന്നാണ് കോയമോന്റെ ബാപ്പയുടെ പേര്. സായിപ്പിന്റെ ഉദ്യോഗസ്ഥനായി ജോലി ചെയ്യുന്ന അയാൾ അപൂർവ്വമായി മാത്രമേ തറവാട്ടിലേക്ക് വരുന്നുള്ളു. അന്ധവിശ്വാസത്തിൽ നിന്നു മോചനം നേടിയ കഥാപാത്രമായിട്ടാണ് അയാൾ നോവലിൽ പ്രത്യക്ഷപ്പെടുന്നത്. കുഞ്ഞയമ്മദ് മാസ്റ്റർ ആണ് ശരി എന്നു ചിന്തിക്കാനും അയാളുടെ പുരോഗമന ചിന്തയിലേക്ക് എളുപ്പം എത്തിച്ചേരാനും അബ്ദുവിനു കഴിയുന്നു. കോയമോന്റെ ഉമ്മയ്ക്ക് അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ ചിന്തിക്കാനുള്ള ഊർജ്ജം ലഭിക്കുന്നത് ഇദ്ദേഹത്തിൽ നിന്നാണ്. പക്ഷേ അനാചാരങ്ങളിൽ കുടുങ്ങിക്കിടന്ന സ്വന്തം മകനെയും ഭാര്യയേയും ഇരുട്ടിൽ നിന്ന് രക്ഷിച്ചെടുക്കാൻ അയാൾക്ക് സാധിച്ചില്ല എന്നത് ഈ കഥാപാത്രത്തിന്റെ പരിമിതയാണ്.

### നോവൽ സംഗ്രഹം

ഓർമ്മകളുടെ കൂട്ടിച്ചേർക്കലെന്നപോലെയാണ് നോവൽ മുന്നോട്ടുപോകുന്നത്. ചെറിയ ഖണ്ഡങ്ങളുടെ വിവരണമാണ് നോവലായി തീരുന്നത്. പരപ്പനങ്ങാടി എന്ന തീരദേശ സാമൂദായിക ജീവിതത്തെ തന്മയത്വത്തോടെ അവതരിപ്പിച്ചിരിക്കുന്ന നോവലാണ് ദൈവത്തിന്റെ കണ്ണ്. കോയമോന്റെ കണ്ണിലൂടെ അനുഭവങ്ങളിലൂടെ ഓരോ സന്ദർഭങ്ങളെയും നോവലിസ്റ്റ് അവതരിപ്പിക്കുന്നു.

ആധുനികതയുടെ പ്രകാശമെത്തിയെന്നും പുരോഗമനത്തിന്റെ പാതയിലൂടെ സഞ്ചരിക്കുന്നതുമായി കോഴിക്കോട് എന്ന ദേശത്തേയും ഇരുട്ടുനിറഞ്ഞ, അന്ധവി ശ്വാസത്തിലും അനാചാരത്തിലും അധിഷ്ഠിതമായ ഒരു ലോകമായി പരപ്പനങ്ങാടി യേയുമാണ് ഈ നോവലിൽ അവതരിപ്പിക്കുന്നത്. ഈ രണ്ടു ലോകങ്ങൾ കോയ മോൻ എന്ന കഥാപാത്രത്തിലൂടെ വികസിച്ചുവരുന്നു. നിഷ്കളങ്കമായ കാഴ്ചയാണ് കോയമോൻ അനുഭവിക്കുന്നതെങ്കിലും അതിലൂടെ ഇരുട്ടുനിറഞ്ഞ ഒരു ലോകത്തെ വായനക്കാരന് കാണിച്ചു കൊടുക്കാൻ നോവലിസ്റ്റിനു കഴിഞ്ഞിട്ടുണ്ട്. കോഴിക്കോ ടിനെ സമാധാനത്തിന്റേയും സ്നേഹത്തിന്റേയും ലോകമായി അവതരിപ്പിക്കുന്നു. കോയമോന്റെ ലോകം അതുകൊണ്ടു തന്നെ സ്നഹസമ്പന്നമായിരുന്നു. ഇവിടെ ഉമ്മയും ബാപ്പയും ആയിസേയിയും ഒപ്പമുണ്ടായിരുന്നു. പരപ്പനങ്ങാടിയിലെ ഇരുണ്ട ലോകത്തെത്തിയപ്പോൾ ഉമ്മയ്ക്കുപോലും തന്നെ സ്നേഹിക്കാനോ പരിഗണി ക്കാനോ സമയമില്ലെന്ന് അവന് തോന്നുന്നുണ്ട്. ബഹളമയമായ ഒരന്തരീക്ഷം അവി ടെയുണ്ടെന്ന് കോയമോന് ബോധ്യപ്പെടുന്നു. അതുകൊണ്ടു കൂടിയാണ് ചാടിക്കുളി ക്കുന്ന കുളത്തിലേക്കും പുഴയിലേക്കും കളിക്കുന്ന പറമ്പിലേക്കും അവന്റെ ശ്രദ്ധയും താല്പര്യവും വന്നുപെടുന്നത്. ആദ്യമെല്ലാം കോഴിക്കോട്ടേക്ക് തിരിച്ചുപോകാൻ താല്പര്യം കാട്ടിയ കോയമോന് പരപ്പനങ്ങാടിയുടെ പ്രകൃതിയെ വിട്ടുപോകാൻ മന സ്സുവന്നില്ല. ആ തീരദേശം അവനെ അത്രയ്ക്കധികം സ്വാധീനിച്ചുപോയി. ഉമ്മു പറഞ്ഞ കഥകളിലൂടെ അവൻ പരപ്പനങ്ങാടിയുടെ കാണാനാവാത്ത നിഗൂഢ ലോക ങ്ങളിലേക്കുപോലും ആഴ്ന്നിറങ്ങി. അങ്ങനെ അവനെ എല്ലാ നിലക്കും കീഴടക്കുന്ന ദേശമായി പരപ്പനങ്ങാടി മാറി. ഭൂതങ്ങളുടെയും പ്രേതങ്ങളുടെയും സത്യപാമ്പി ന്റേയും കഥകളും അവനെ അത്ഭുതപ്പെടുത്തി. മൂത്താപ്പ എന്ന കാരണവർക്കു കീഴിൽ എല്ലാവരും നിശബ്ദരാക്കപ്പെട്ടതും പുരുഷാധികാരം സമൂഹത്തിൽ എങ്ങനെ പ്രവർത്തിക്കുന്നു എന്നുമെല്ലാം കോയമോന്റെ ഓർമ്മകളിലൂടെ തെളിയുന്നുണ്ട്.

താൻ ജീവിക്കുന്ന ലോകത്തിന് അക്ഷരങ്ങൾ തന്നെ പ്രശ്നമായിതിരുന്നത് കോയമോൻ മനസ്സിലാക്കുന്നുണ്ട്. കിത്താബല്ലാത്ത എന്തോ ഒന്ന് അവൻ വായിക്കു ന്നുണ്ട് എന്ന് മനസ്സിലാക്കുന്ന മൂത്താപ്പക്കും കുഞ്ഞാറു മുസ്ലിയാർക്കും വലിയ പ്രശ്നമാകുന്നുണ്ട്. അതോടെ അവനെ മുസ്ല്യാരുടെ ദറസിൽ ചേർക്കാൻ തീരുമാ നമാനിക്കുന്നുണ്ട്. താമി, കുഞ്ഞാറു മുസ്ല്യാർ തുടങ്ങിയവർ ആധുനിക മൂല്യങ്ങളെ തടഞ്ഞ് നിർത്താൻ അബോധപരമായി പ്രവർത്തിക്കുന്നവരാണ്. പുരോഗമന ചിന്ത

യുള്ള ആരും അവർക്ക് സ്വീകാര്യമല്ല. കുഞ്ഞയമ്മദ് മാസ്റ്ററെ നായിക്കുഞ്ഞയമ്മദ് എന്നാണ് അവർ വിളിക്കുന്നത്. അസുഖം വന്നാൽ ഡോക്ടറെ കാണാനും കമ്പിയടിക്കാനുമെല്ലാം അയാളെ ആശ്രയിക്കുന്നവർപോലും അയാളെ മനസ്സിലാക്കുന്നില്ല. ഇരുണ്ട ഭൂഖണ്ഡമായി പരപ്പനങ്ങാടിയെ മാറ്റാൻ ശ്രമിക്കുന്നവർ വലിയ സംഘർഷമാണ് കോയമോനും ഉമ്മയ്ക്കും നൽകുന്നത്. സംഘർഷം പേറി ജീവിച്ച ഉമ്മ അവസാനം പൊട്ടിത്തെറിക്കുന്ന കഥാപാത്രമായി പരിണമിക്കുന്നുണ്ട്. പക്ഷേ കോയമോൻ ഈ പൊട്ടിത്തെറി കണ്ട് ഞെട്ടിത്തരിച്ച് മൊയ്മതാലി ഒഴിച്ചിട്ട ഭ്രാന്തിന്റെ അസ്വാസ്ഥ്യങ്ങളിലേക്ക് വീഴുകയാണ്.

പ്രകൃതിയും മനുഷ്യനും രണ്ടല്ല എന്ന പാരിസ്ഥിതിക അവബോധം പുലർത്തുന്ന നോവലാണ് ദൈവത്തിന്റെ കണ്ണ്. കോയമോനെ പ്രകൃതിയുടെ മടിത്തട്ടിലാണ് നമുക്ക് കാണാനാവുക. കോയമോന് കോഴിക്കോട് പ്രിയങ്കരമായതിന് ഒരു കാരണം കല്ലായിപ്പുഴയും ഞണ്ടുകളും പ്രാവുകളുമൊത്തുള്ള ജീവിതമോർത്തായിരുന്നു. പരപ്പനങ്ങാടിയിൽ നിന്ന് തിരിച്ചുപോകേണ്ട എന്ന് അവൻ തീരുമാനിക്കാൻ കാരണം പനംതത്തയും മഞ്ഞക്കിളിയും മാവും പിലാവും കുളവും പുഴയും ഓടിക്കളിക്കാൻ വലിയ പറമ്പും കൈതപ്പൂവും ഉള്ളതിനാലാണ്. അവന്റെ ഹൃദയവിചാരങ്ങൾ പ്രകൃതിയുമായി ചേർത്തുവയ്ക്കപ്പെട്ടവയാണ്. അവൻ കാണുന്ന സ്വപ്നങ്ങളിലെല്ലാം ഈ ദർശനം തെളിഞ്ഞു നിൽക്കുന്നതായി കാണാം. ഉമ്മു പറയുന്ന കഥകളിലും പ്രകൃതി നിറഞ്ഞുനിൽക്കുകയും പ്രധാനപ്പെട്ട ഒന്നായി ആവിഷ്ക്കരിക്കപ്പെട്ടതും നമുക്ക് കാണാം. ആകാശം കരിമ്പടം കൊണ്ട് മൂടിപ്പുതച്ചു കിടക്കുന്നു. ആയിസേയിക്ക് കറുത്ത തേൻപോലുള്ള നിറമായിരുന്നു എന്നിങ്ങനെ പ്രകൃതിയെ മനുഷ്യരിലേക്കും മനുഷ്യരെ പ്രകൃതിയിലേക്കും സന്നിവേശിപ്പിക്കുന്ന ഗൂഢമായ ഒരെഴുത്തുരീതി ഈ നോവലിൽ കാണാം. അതുകൊണ്ടു തന്നെ പാരിസ്ഥിതിക അവബോധം ജനിപ്പിച്ചു കൊണ്ടുതന്നെയാണ് നോവൽ മുന്നേറുന്നതും അവസാനിക്കുന്നതും.

**ലഘുചോദ്യങ്ങൾ**

1. നായ്ക്കുഞ്ഞയ്മ്മദ് എന്ന് ആരെയാണ് വിളിച്ചത്?
2. സത്യപാമ്പിനെക്കൊന്നതാര്?
3. എൻ.പി.മുഹമ്മദും എം.ടി.യും ചേർന്നെഴുതിയ നോവലേത്?

**ഖണ്ഡികാചോദ്യങ്ങൾ**

4. താമിയുടെ വരവോടെ നാരകത്ത് തറവാട്ടിലുണ്ടായ മാറ്റങ്ങൾ എന്തെല്ലാം?

5. കോയമോന് കോഴിക്കോട്ടേക്ക് തിരിച്ചുപോകാൻ താല്പര്യമില്ലാതായത് എന്തു കൊണ്ട്?

**ഉപന്യാസ ചോദ്യങ്ങൾ**

6. മൊയ്മതാലി എന്ന കഥാപാത്രത്തെ നിരൂപണം നടത്തുക.

7. കോയമോന്റെ നിഷ്കളങ്കമായ മനസ്സ് അന്ധവിശ്വാസങ്ങളുടെയും അനാചാര ങ്ങളുടേയും ലോകത്തേക്ക് പരിണമിക്കുന്നതെങ്ങനെ എന്ന് 'ദൈവത്തിന്റെ കണ്ണിനെ' ആധാരമാക്കി വിലയിരുത്തുക.

**ഉത്തര സൂചിക**

1. കുഞ്ഞയ്മ്മദ് മാസ്റ്ററെ

2. കോയസ്സൻ

3. അറബിപ്പൊന്ന്

4. താമി നാട്ടിലെ ഒരു മന്ത്രവാദിയാണ്. കോയസ്സൻ നിധി കിട്ടാൻ താമിയുടെ സഹായം തേടുന്നു. നാരകത്ത് തറവാട്ടിലെത്തുമ്പോൾ അവിടെ ദുർമരണമു ണ്ടാവുമെന്നും ഭൂതബാധയുണ്ടെന്നും അവിടെയുള്ളവരെ ഭയപ്പെടുത്തുന്നു. അമ്മായി ഇതുകേട്ട് ഭയപ്പെടുന്നു - അവിടെ പൂജകൾ നടത്തുന്നു.

5. പരപ്പനങ്ങാടിയിലെ ചാടിക്കുളിക്കുന്ന കുളവും പാലത്തിങ്ങൽ പുഴയും പനം തത്തയും മഞ്ഞക്കിളികളും ഓടിക്കളിക്കുന്ന വലിയ പറമ്പും കൈതപ്പൂവും എല്ലാം കോയമോനെ മയക്കിയിരുന്നു. ഉമ്മുവിന്റെ കഥകളിൽ അവൻ അത്ഭു തപ്പെടുകയും ചെയ്തു. ഇതെല്ലാം കോഴിക്കോട്ടേക്ക് തിരിച്ചുപോകാൻ കോയ മോനെ നിരുത്സാഹപ്പെടുത്തിയ കാര്യങ്ങളാണ്.

6. ദൈവത്തിന്റെ കണ്ണ് എഴുതിയ എൻ.പി.മുഹമ്മദിനെക്കുറിച്ച് ഒരു ജീവച രിത്രക്കുറിപ്പെഴുതുക - നോവലിനെക്കുറിച്ച് - പരിസ്ഥിതിദർശനത്തെക്കുറിച്ച്

എഴുതുക - പരപ്പനങ്ങാടി എന്ന തീരദേശം - വിശ്വാസങ്ങൾ - അനാചാര ങ്ങൾ - അന്ധവിശ്വാസങ്ങൾ - പുരോഗമനചിന്തയുടെ അഭാവം - അതിന്റെ യെല്ലാം ബാക്കിപത്രമായ മൊയ്മതാലി - ഭ്രാന്ത് - മൗലൂദ് - ഇറച്ചിക്കറി തട്ടിമ റിച്ചതിന് കോയസ്സൻ മൊയ്മതാലിയെ ചവിട്ടികൊല്ലുന്നു - എല്ലാത്തിനും സാക്ഷിയായ കോയമോനിലൂടെ അനാവൃതമാവുന്ന കഥാപാത്രം - ഉമ്മയും ബാപ്പയും നഷ്ടപ്പെട്ട ദുരന്തകഥാപാത്രമാണ് മൊയ്മതാലി - ഇത് വിശദീക രിച്ച് 3 പുറം എഴുതുക.

7. നോവലിനെക്കുറിച്ചും എൻ.പി. മുഹമ്മദിനെക്കുറിച്ചും ഒരു പാരഗ്രാഫ് എഴു തുക - കോയമോൻ എന്ന കഥാപാത്രം - ആ കഥാപാത്രത്തിലൂടെ കാണുന്ന പരപ്പനങ്ങാടി എന്ന ദേശം - അന്ധവിശ്വാസങ്ങൾ - അനാചാരങ്ങൾ - സ്വാത ന്ത്ര്യമില്ലാത്ത സ്ത്രീ ജീവിതം - കുഞ്ഞാറുമുസ്ലിയാർ - താമി തുടങ്ങിയ കഥാപാത്രങ്ങൾ നിയന്ത്രിക്കുന്ന സമൂഹജീവിതം - പുരോഗമനചിന്ത - വായന ഇതൊന്നുമില്ലാതെ വളർച്ചാഘട്ടത്തിൽ തന്നെ മാറിപ്പോയ കുട്ടിയാണ് കോയമോൻ - ബാപ്പയും ഉമ്മയും കോഴിക്കോടും പരപ്പനങ്ങാടിയിലുമായതി നാൽ മണ്ടൻ മൂത്താപ്പയായ കോയസ്സന്റെ കീഴിലാണ് അവൻ വളർന്നത് - ട്രെയിനിലെ ടിക്കറ്റ് പരിശോധകനാകണം എന്ന് ആഗ്രഹിച്ച ആ കുട്ടി - അന്ധവിശ്വാസത്തിന്റെ ലോകത്ത് പെട്ടുപോയി - തന്റെ കുടുംബക്കാരനും ഭ്രാന്തനുമായ മൊയ്മതാലിയുടെ മരണത്തോടെ ആ പാരമ്പര്യം ശിരസ്സാവ ഹിച്ച് ഭ്രാന്തിലേക്ക് വഴുതിവീഴുന്ന കഥാപാത്രമാണ് കോയമോൻ - ഇതെല്ലാം വിശദീകരിച്ച് 3 പുറം എഴുതുക.